**File No.DT/4815/2019-C1**

"ഭരണഭാഷ മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:DT /4815/2019-C1

തീയതി: 28/09/2019

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - 2019 ആഗസ്റ്റ് സെഷൻ എൻ.സി.വി.റ്റി ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി ദീർഘിപ്പിച്ചത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:-

സൂചന:-
1. DGT യിൽനിന്നുള്ള JOINT DIRECTOR (TC) യുടെ 26.09.19 ലെ ഇ.മെയിൽ സന്ദേശം
2. ഈ കാര്യാലയത്തിലെ 03.09.019- തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.
3. ഈ കാര്യാലയത്തിലെ 27.08.2019 തീയതിയിലെ DT/ 4468/19 - C1 നമ്പരായ കത്ത്

സൂചന (1) പ്രകാരം ഗവ. ഐ.ടി.ഐ കളിലെയും പ്രൈവറ്റ് ഐ.ടി.ഐ കളിലെയും അഡ്മിഷൻ തീയതി 11.10.2019 വരെ ദീർഘിപ്പിച്ചതായി അറിയിച്ചിരിക്കുന്നു. . ആയതിനാൽ എല്ലാ സ്ഥാപനമാധാവികളും തൊട്ടടുത്ത പ്രവൃത്തി ദിവസമായ 14.10.2019-ന് തന്നെ അതാത് നോഡൽ സ്ഥാപനമേധാവികളുമായി ബന്ധപ്പെട്ട് സൂചന (2) -ൽ പരാമർശിച്ചിരുന്ന പ്രകാരം താത്ക്കാലികമായി അഡ്മിഷൻ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നാലെ നൽകുന്നതാണ്.

മതിയായ അപേക്ഷകൾ ലഭിക്കാത്തതിനാൽ സീറ്റുകൾ ഒഴിവുള്ള ഐ ടി ഐ കൾക്ക് മാനുവലായി പുതിയ അപേക്ഷകൾ ക്ഷണിച്ച് ടി തീയതിയ്ക്ക് മുന്പായി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്

കൂടാതെ അഡ്മിഷൻ ക്ലോസിംഗ് തീയതി 11.10.2019 വരെ ദീർഘിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ എസ്.സി/എസ്.ടി സീറ്റുകളിലേയ്ക്ക് ജനറൽ വിഭാഗത്തിലെ ട്രെയിനികളെ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും സൂചന (3) പ്രകാരം നൽകിയിരുന്ന നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അഡ്മിഷൻ ക്ലോസിംഗ് തീയതി 11.10.2019 ആയി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**DEPUTY DIRECTOR**

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**